LIBRARY ARCHIVES Kerala Legislative Assembly

പരിപാടികൾ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖാന്തരം നടത്തിവരുന്നു. കൂടാതെ ഇതേ വിഷയത്തിൽ വെബിനാറുകളും കപ്പാസിറ്റി ബിൽഡിംഗ് ശിൽപശാലകളും നടത്തുന്നുണ്ട്. കുട്ടനാട്ടിലെയും തൃശ്ശൂർ പൊന്നാനി കോൾ നിലങ്ങളിലേയും നിലവിൽ വെള്ളം പമ്പ് ചെയ്യുകളയാനുപയോഗിക്കുന്ന ഊർജ്ജകാര്യക്ഷമത കുറഞ്ഞ പെട്ടി-പറ എന്ന സംവിധാനത്തിനുപകരമായി ഉപയോഗിക്കുവാൻ കഴിയുന്ന ഊർജ്ജകാര്യക്ഷമത കൂടിയ പമ്പ് വികസിപ്പിച്ച് പരീക്ഷണാർത്ഥം പ്രവർത്തിപ്പിക്കുന്നുണ്ട്. ഇ.എം.സി., റെയ്ഡ്കോ കേരളയും, പാലക്കാടുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ ഫ്ലൂയിഡ് കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ആർ.ഐ.)-മായി ചേർന്നാണ് പമ്പ് വികസിപ്പിച്ചത്. പെട്ടിയും-പറയെയും അപേക്ഷിച്ച് മൂന്ന് മടങ്ങ് ഊർജ്ജ കാര്യക്ഷമത കൂടുതൽ നൽകുവാൻ ഈ പമ്പിന് സാധിക്കും.

ഞാറക്കൽ സബ്സ്റ്റേഷൻ

229(1959) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി മുതൽ ഞാറക്കൽ വരെ 110 കെ.വി. ലൈനിന്റെ നിർമ്മാണത്തിനും 66 കെ.വി ഞാറക്കൽ സബ്സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയെയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെറായി മുതൽ 66 കെ.വി. ഞാറക്കൽ സബ് സ്റ്റേഷൻ വരെ 14.1 കി.മീ. 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ 51 ടവറുകൾ സ്ഥാപിച്ച് വലിക്കുകയും, ഞാറക്കൽ സബ് സ്റ്റേഷനിൽ നിർദ്ദിഷ്ട 110 കെ.വി. ബേ പണിത് 110/11 കെ.വി, 12.5 എം.വി.എ. ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും, പഴയ 11 കെ.വി. പാനലുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭ്യമായതെന്നും ഇതിനായി അനുവദിച്ച തുക എത്രയെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

18-2-2020 – ൽ 24 കോടി രൂപ ഭരണാനുമതി ലഭിച്ച പ്രവൃത്തിയിൽ 18 കോടി രൂപ ചെറായി ഞാറക്കൽ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണത്തിനും, 6 കോടി രൂപ 66 കെ.വി. ഞാറക്കൽ സബ് സ്റ്റേഷൻ 110 കെ.വി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായും വകയിരുത്തിയിരിക്കുന്നു. 14.1 കി.മീ. 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ വലിക്കാനുള്ള വർക്ക് ഓർഡർ ജി.എസ്.ടി ഉൾപ്പെടെ 19,09,56,470

LIBRARY ARCHIVES Kerala Legislative Assembly

(19.0956 കോടി) രൂപയ്ക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭനടപടിയായ ലെറ്റർ ഓഫ് അക്സപ്റ്റൻസ് 8-3-2021 – ൽ കോൺട്രാക്ടർക്ക് നല്കി. ഒക്ടോബർ മാസത്തോടെ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. ഞാറക്കൽ സബ്സ്റ്റേഷനെ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായി പ്രസ്തുത സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും പഴയകെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുംവേണ്ടിയുള്ള സെയിൽ ഓർഡർ കൊടുക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഓഗസ്റ്റ് മാസത്തോടെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഡിസംബറോടുകൂടി ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി വാങ്ങൽ കരാർ

230 (1960) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനം വൈദ്യുതി വാങ്ങൽ കരാറിൽ ഏതെല്ലാം സ്ഥാപനങ്ങളുമായി എത്ര രൂപ നിരക്കിൽ എത്ര വർഷത്തേയ്ക്ക് ഒപ്പ് വച്ചു എന്ന് വ്യക്തമാക്കാമോ?

2016 മുതൽ ഒപ്പുവച്ചിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറുകളുടെ വിശദാംശങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി) പുറമേ നിന്നും വൈദ്യുതി വാങ്ങുന്നതിനുപകരം സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കാനും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ, പ്രകൃതിവാതകം എന്നിവ വഴി വൈദ്യുതിയുല്പാദനം ത്വരിതപ്പെടുത്താനും പദ്ധതികൾ ആവിഷ്കരിക്കുമോ?

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണിപുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ്ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.